**3 മിനുറ്റ് പ്രവചനക്കുറിപ്പ് തയ്യാറാക്കുവാൻ സഹായകരമായ, പ്രവചനത്തിനുള്ള ഉദാഹരണ-വിഷയങ്ങൾ**
**2026-ITERO-S—ദൂത് ഒന്ന്—"പ്രാർഥനയിലും വചനശുശ്രൂഷയിലും ദൃഢചിത്തതയോടെ"**

**ദിവസം 1**

**വിഷയം 1**

The correct meaning of prayer (Rom. 8:26-27)
(What is true prayer?)

പ്രാർത്ഥനയുടെ ശരിയായ അർത്ഥം (റോമ. 8:26-27)
(എന്താണ് യഥാർഥ പ്രാർത്ഥന?)

**വിഷയം** 2

True prayer is always the Holy Spirit within man expressing God's intention through man (Rom. 8:26-27)
(True prayer is always a prayer of two parties; what is the prayer of two parties?)

യഥാർത്ഥമായ പ്രാർത്ഥന എന്നത് എപ്പോഴും മനുഷ്യന്റെ ഉള്ളിലെ പരിശുദ്ധാത്മാവ് മനുഷ്യനിലൂടെ ദൈവത്തിന്റെ ഉദ്ദേശ്യം ആവിഷ്കരിക്കുന്നതാണ് (റോമ. 8:26-27)
(യഥാർത്ഥമായ പ്രാർത്ഥന എന്നത് എപ്പോഴും രണ്ടു കക്ഷികളുടെ പ്രാർത്ഥനയാണ്; എന്താണ് രണ്ടു കക്ഷികളുടെ പ്രാർത്ഥന?)

**ദിവസം 2**

**വിഷയം 3**

Praying in the Holy Spirit (Jude 20)
(Please illustrate that Elijah's prayer can be said to be God within Elijah praying to Himself.)

പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കുന്നത് (യൂദാ 20)
(ഏലീയാവിന്റെ പ്രാർത്ഥന എന്നത് ഏലീയാവിന്റെ ഉള്ളിലുള്ള ദൈവം തന്നോട് തന്നെ പ്രാർത്ഥിക്കുന്നതാണെന്ന് പറയാൻ കഴിയും എന്ന് ദയവായി വിശദമാക്കുക.)

**വിഷയം** 4

The principle of prayer is that prayer should not be initiated by man, but should be initiated by God (James 5:17)
(Please illustrate that every good prayer is the Christ within us praying to the Christ on the throne.)

പ്രാർത്ഥന മനുഷ്യനാൽ പ്രാരംഭം കുറിക്കപ്പെടരുത്, മറിച്ച് ദൈവത്താൽ പ്രാരംഭം കുറിക്കപ്പെടണം എന്നതാണ് പ്രാർത്ഥനയുടെ തത്ത്വം (യാക്കോ. 5:17)
(എല്ലാ നല്ല പ്രാർത്ഥനയും നമ്മിലുള്ള ക്രിസ്തു സിംഹാസനത്തിലുള്ള ക്രിസ്തുവിനോട് പ്രാർത്ഥിക്കുന്നതാണെന്ന് ദയവായി വിശദമാക്കുക.)

**ദിവസം 3**

**വിഷയം 5**

The highest meaning of prayer is that God can gain His interests (Dan. 9:19)
(Please illustrate that a prayer up to the standard is never man praying for himself, but man praying for God.)

പ്രാർത്ഥനയുടെ പരമോന്നത അർത്ഥം ദൈവത്തിന് അവന്റെ താല്പര്യങ്ങൾ നേടുവാൻ കഴിയുന്നു എന്നതാണ് (ദാനീ. 9:19)
(നിലവാരത്തിന് അനുസരിച്ചുള്ള ഒരു പ്രാർത്ഥന ഒരിക്കലും മനുഷ്യൻ തനിക്കുവേണ്ടി പ്രാർത്ഥിക്കുന്നതല്ല, മറിച്ച് മനുഷ്യൻ ദൈവത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതാണെന്ന് ദയവായി വിശദമാക്കുക.)

**വിഷയം 6**

Measuring our prayers by the deepest and most severe principle (Dan. 9:19)
(Please illustrate with experience that whether it is the purpose, motive, or hope of prayer, there is mixture within us.)

ഏറ്റവും ആഴമേറിയതും കഠിനവുമായ തത്ത്വത്താൽ നമ്മുടെ പ്രാർത്ഥനകളെ അളക്കുന്നത് (ദാനീ. 9:19)
(പ്രാർത്ഥനയുടെ ലക്ഷ്യമോ, ഉദ്ദേശ്യമോ, പ്രതീക്ഷയോ ഏതുമാകട്ടെ, നമുക്കുള്ളിൽ കലർപ്പുണ്ട് എന്ന് അനുഭവത്താൽ ദയവായി വിശദമാക്കുക.)

**ദിവസം 4**

**വിഷയം 7**

A praying person must reach a realm where he wants only God and God's will in the universe (Matt. 26:39)
(Please illustrate that when the Lord Jesus prayed in the Garden of Gethsemane, we can see this very clearly in Him.)

പ്രാർത്ഥിക്കുന്ന ഒരു വ്യക്തി പ്രപഞ്ചത്തിൽ ദൈവത്തെയും ദൈവത്തിന്റെ ഹിതത്തെയും മാത്രം ആഗ്രഹിക്കുന്ന ഒരു മണ്ഡലത്തിൽ എത്തണം (മത്താ. 26:39)
(കർത്താവായ യേശു ഗെത്ത്ശെമന തോട്ടത്തിൽ പ്രാർത്ഥിച്ചപ്പോൾ, നമുക്ക് അവന്റെ ഉള്ളിൽ ഇത് വളരെ വ്യക്തമായി കാണുവാൻ കഴിയും എന്ന് ദയവായി വിശദമാക്കുക.)

**വിഷയം 8**

Merely exhorting people to have faith is useless (Mark 11:23-24)
(Please illustrate that only a person filled with God is filled with faith.)

ആളുകളെ കേവലം വിശ്വാസമുണ്ടായിരിക്കുവാൻ പ്രബോധിപ്പിക്കുന്നത് പ്രയോജനരഹിതമാണ് (മർക്കൊ. 11:23-24)
(ദൈവത്താൽ നിറഞ്ഞ ഒരു വ്യക്തി മാത്രമേ വിശ്വാസത്താൽ നിറഞ്ഞവനാകൂ എന്ന് ദയവായി വിശദമാക്കുക.)

**ദിവസം 5**

**വിഷയം 9**

Our inner man, which is our regenerated spirit, has the life of God as its life (Eph. 3:16-17)
(Please illustrate that we souls have an outward vessel—the body, and an inward vessel—the spirit.)

നമ്മുടെ വീണ്ടുംജനിപ്പിക്കപ്പെട്ട ആത്മാവാകുന്ന നമ്മുടെ അകത്തെ മനുഷ്യന് ദൈവത്തിന്റെ ജീവൻ അതിന്റെ ജീവനായി ഉണ്ട് (എഫെ. 3:16-17)
(ദേഹികളായ നമുക്ക് പുറമെയുള്ള ഒരു പാത്രമുണ്ട്—ശരീരം, കൂടാതെ അകമേയുള്ള ഒരു പാത്രമുണ്ട്—ആത്മാവ് എന്ന് ദയവായി വിശദമാക്കുക.)

**വിഷയം 10**

Letting Christ spread into every part of our heart (Eph. 3:16-17)
(Please illustrate that the more Christ spreads within us, the more He settles down and makes His home in us.)

നമ്മുടെ ഹൃദയത്തിന്റെ ഓരോ ഭാഗത്തിലേക്കും വ്യാപിക്കുവാൻ ക്രിസ്തുവിനെ അനുവദിക്കുന്നത് (എഫെ. 3:16-17)
(ക്രിസ്തു നമ്മിൽ എത്രത്തോളം വ്യാപിക്കുന്നുവോ, അത്രത്തോളം അവൻ നമ്മിൽ സ്ഥിരപ്പെടുകയും തനിക്ക് നമ്മിൽ ഭവനം പണിയുവാൻ കഴിയുകയും ചെയ്യുന്നു എന്ന് ദയവായി വിശദമാക്കുക.)

**ദിവസം 6**

**വിഷയം 11**

The spreading of Christ is immeasurable (Eph. 3:18-19)
(Please illustrate that when we experience Christ in His spreading, we will see that the dimensions of the universe are the dimensions of Christ.)

ക്രിസ്തുവിന്റെ വ്യാപനം അപ്രമേയമാണ് (എഫെ. 3:18-19)
(അവന്റെ വ്യാപനത്തിൽ നാം ക്രിസ്തുവിനെ അനുഭവിക്കുമ്പോൾ, പ്രപഞ്ചത്തിന്റെ അളവുകൾ ക്രിസ്തുവിന്റെ അളവുകളാണെന്ന് നാം കാണും എന്ന് ദയവായി വിശദമാക്കുക.)

**വിഷയം 12**

…that we may be filled unto all the fullness of God (Eph. 3:18-19)
(Please illustrate what the term “the fullness of God” refers to here.)

…നാം ദൈവത്തിന്റെ എല്ലാ നിറവിനോളം നിറയേണ്ടതിനും തന്നെ (എഫെ. 3:18-19)
(ഇവിടെ "ദൈവത്തിന്റെ നിറവ്" എന്ന പദം എന്തിനെ പരാമർശിക്കുന്നു എന്ന് ദയവായി വിശദമാക്കുക.)